**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4634** — **02-07-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ പാലമേൽ, താമരക്കുളം, വള്ളികുന്നം, ചുനക്കര, തെക്കേക്കര പഞ്ചായത്തുകളിൽ കാട്ടുപന്നികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (എ) | കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ചുള്ള പരിശോധനയിലും അന്വേഷണത്തിലും വന മേഖലയിൽ നിന്നും തൊട്ടടുത്ത് വരുന്ന പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തുകളിൽ വളരെ കുറച്ചാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്ക് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 21-05-2024 ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച ഉത്തരവായിട്ടുണ്ട്. കാട്ടുപന്നികൾക്ക് അധിവസിക്കാൻ സാഹചര്യം ഒരുക്കുന്ന കുറ്റിക്കാടുകളും മറ്റും യഥാസമയം തെളിക്കുന്നതും ഒരു പരിധിവരെ ഇവയുടെ സാനിദ്ധ്യം കുറക്കുന്നതിന് പ്രയോജനപ്രദമാണ്. |

സെക്ഷൻ ഓഫീസർ